(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.13/939/20

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തീയതി.27.11.20
ഇ-മെയിൽ- doidk.ksad.kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 2 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-13/939/20 തീയതി. 27.11.2020

# ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 10.12.2018 മുതൽ 01.11.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനവിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ബേബി സന്തജ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.2020 മുതൽ 13.11.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.യു സണ്ണി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ അഭിലാഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആർ സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. എം ഗോവിന്ദസ്വാമി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. വി.എസ് പാൽസാമി | 01.04.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. ജി. ശ്രീകുമാർ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ. എൽ.എസ്. അജിത് | 21.06.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. സനി എം.നായർ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ. രാഹുൽ മോഹൻ | 21.06.2018 മുതൽ 19.08.2018 വരെ |
| | ശ്രീ. ടി.യു. ഏലിയാസ് | 20.08.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. കെ.ഡി. ബിജു | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മീനമ്മാൾ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. കെ. ഹരികൃഷ്ണ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രഞ്ജിനി മാത്യൂസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വി.പി ജിഷ്ണ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സാബു സെൽവാനിയോസ് | 01.04.2018 മുതൽ 03.06.2018 വരെ |
| | ശ്രീമതി. ഡി. രശ്മിരാജ് | 04.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.പി. ജയ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ ഗവ.എൽ.പി സ്കൂൾ | ശ്രീ. കെ. സുബ്രമണ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ശ്രീലത | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| | | ഭാഗം-I പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| 12 | 1-12 | വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 14 | 1-14 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 15 | 1-15 | വാടക കുടിശിക ഈടാക്കിയിട്ടില്ല |
| 16 | 1-16 | മാവേലി സ്റ്റോർ,കൺസ്യൂമർ സ്റ്റോർ,റേഷൻ കടകൾ-ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല |
| 17 | 1-17 | പാർപ്പിടാവശ്യം/ ഹോം സ്റ്റേ എന്നിവയ്ക്ക് നികുതി നിർണയിച്ച് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു |
| 18 | 1-18 | ഖരമാലിന്യ നിർമ്മാർജ്ജനം-രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്താതെ W-Tech എന്ന സ്ഥാപനത്തിന് കുടിശിക തുക അനുവദിച്ചു |
| 19 | 1-19 | വിവിധ പദ്ധതികൾക്കു വേണ്ടിയുള്ള ഫർണീച്ചർ വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 20 | 1-20 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി അധികമായി കൂട്ടിച്ചേർത്തു നിർവ്വഹിച്ചു. |
| 21 | 1-21 | സർക്കാരിൽ നിന്നും അനുവദിച്ചു നൽകിയ പദ്ധതി വിഹിതം തുക വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തി |
| 22 | 1-22 | ശുചീകരണ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കുന്നില്ല |
| 23 | 1-23 | അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ തിരിച്ചറിയപ്പെടാത്ത തുക ₹658936/- അവശേഷിക്കുന്നു |
| 24 | 1-24 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ |
| 25 | 1-25 | ഇ-ടെണ്ടർ ഫോറ വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 26 | 1-26 | മുന്നൊരുക്കങ്ങൾ നടത്താതെ ഉപകരണങ്ങൾ വാങ്ങിയത് |
| 27 | 1-27 | തുക ഡെപ്പോസിറ്റ് ചെയ്തിട്ടും കുഴൽ കിണർ നിർമ്മാണം തുടങ്ങിയില്ല. ₹53270/- യുടെ ചെലവ് തടസ്സം |
| 28 | 1-28 | പ്രത്യേക കന്നുകുട്ടി പരിപാലനം -അധിക തുക ₹363500/- ജില്ലാ മൃസംരക്ഷണ ഓഫീസിൽ അടവാക്കിയിരിക്കുന്നു. |
| 29 | 1-29 | ആശ്രയ പദ്ധതി- തൻ വർഷം തുക വകയിരുത്തിയിട്ടില്ല- കുടുബശ്രീയിൽ വൻ പ്ലാൻഫണ്ട് നിക്ഷേപം |
| 30 | 1-30 | ലൈഫ് ഭവനപദ്ധതി-അവലോകനം |
| 31 | 1-31 | ലൈഫ് മിഷൻ-ഫേസ്-1- പദ്ധതി- വീട് പണി പൂർത്തീകരിച്ചിട്ടില്ല. |
| ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 32 | 2-1 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിലെ അപാകതകൾ ₹92513/- നഷ്ടം |
| ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | | |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 33 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 34 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4-5 | വായ്പ / വായ്പാ തിരിച്ചടവ് |
| 38 | 4-6 | സ്ഥിര നിക്ഷേപം |
| 39 | 4-7 | ഓഡിറ്റ് റിക്കവറി |
| 40 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 41 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക |
| 42 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 44 | അനുബന്ധം -1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 14.03.18 തീയതിയിലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക്

നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കണം.

## 1-2 വാർഷിക ധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21390026 |
| വരവ് | 127372751 |
| ആകെ | 148762777 |
| ചെലവ് | 89461998 |
| നീക്കിയിരിപ്പ് | 59300779 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21670083 | 21670083 | 14425857 | 7244226 |
| വികസനഫണ്ട് എസ്.സി.പി. | 0 | 34629000 | 34629000 | 32155549 | 2473451 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 531000 | 531000 | 158457 | 372543 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 981000 | 981000 | 139129 | 841871 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3960000 | 3960000 | 1129513 | 2830487 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12251593 | 12251593 | 7038554 | 5213039 |
| എം.എൻ.ആർ.ഇ.ജി.എസ് (ഭരണ നിർവ്വഹണം) | 23097 | 667301 | 690398 | 645952 | 44446 |
| തൊഴിലാളികളുടെ കൂലി | | 32899297 | 32899297 | | |
| ബി ഫണ്ട് | 0 | 5760 | 5760 | 5760 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ ശുചിത്വം | 659361 | 5956 | 665317 | 0 | 665317 |
| എസ്.എസ്.എ | 5470 | 194 | 5664 | 0 | 5664 |
| ഐ.സി.ഡി.എസ് | 812110 | 449775 | 1261885 | 1218257 | 43628 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ ശുചിത്വം | 2000000 | 180000 | 2180000 | 0 | 2180000 |
| ആയുർവേദം | 0 | 310000 | 310000 | 0 | 310000 |
| ലൈഫ് | 5258085 | 0 | 5258085 | 1650000 | 3608085 |
| ശുചിത്വമിഷൻ | 0 | 838576 | 838576 | 0 | 838576 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 316764 | 3450000 | 3766764 | 1057526 | 2709238 |
| വിമുക്തി | 0 | 25000 | 25000 | 16440 | 8560 |
| സംയുക്ത പദ്ധതികൾ | | | | | |
| ജില്ലാ പഞ്ചായത്ത് | 3340000 | 1100210 | 4440210 | 3376000 | 1064210 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 3650000 | 3650000 | 1312041 | 2337959 |
| ഗുണഭോക്തൃ വിഹിതം | 74000 | 180234 | 254234 | 70484 | 183750 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 30400 | 30400 | 5400 | 25000 |

| | | | | | |
|---|---|---|---|---|---|
| പ്രളയ ദുരിതാശ്വാസ സംഭാവന | 0 | 8000 | 8000 | 2779 | 5221 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 15488282 | 15488282 | 15488282 | 0 |
| എസ്.ബി.ഐ( പ്ലാൻ) | 785927 | 13273422 | 14059349 | 8953873 | 5105476 |
| വി.പി.എഫ്.എ(പഴയത് ) | 6901 | 0 | 6901 | 0 | 6901 |
| എസ്.ബി.റ്റി പ്ലാൻ | 0 | 2500 | 2500 | 0 | 2500 |
| തനതുഫണ്ട് ബാങ്ക് | 8262899 | 28295022 | 36557921 | 25155153 | 11402768 |
| ട്രഷറി | (-)701309 | 51827945 | 51126636 | 22373156 | 28753480 |
| കൈയിരുപ്പ് പണം | 65604 | 0 | 65604 | 65604 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 333947197 | 98 | 66209662 | | 56 | 63.63 |

അംഗീകാരം ലഭിച്ച പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 19.83% മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട്(എസ്.സി.പി) ഉപയോഗിച്ചുള്ള പദ്ധതികളിലാണ് കാര്യമായ ചെലവ് പുരോഗതി കൈവരിച്ചിട്ടുള്ളത് (81.57%). സംരക്ഷണ ഗ്രാന്റ് റോഡിനത്തിൽ 14.18%ഉം റോഡിതര വിഭാഗത്തിൽ 36.11%ഉം മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷത്തെ പദ്ധതി ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 9 | 9881125 | 6114863 | 61.88 |
| വെറ്ററിനറി സർജൻ | 4 | 4 | 3252000 | 1676000 | 51.53 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 2 | 1075158 | 199228 | 18.53 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 998000 | 991957 | 99.39 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 88000 | 87900 | 99.88 |
| വി.ഇ.ഒ | 8 | 5 | 257279432 | 22912282 | 8.90 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 4593000 | 3380775 | 73.60 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 300000 | 100 |
| സെക്രട്ടറി | 18 | 12 | 11623086 | 6010835 | 51.71 |
| ഹെഡ് മാസ്റ്റർ | 3 | 2 | 664680 | 445922 | 67.08 |
| അസി.എഞ്ചിനീയർ | 85 | 46 | 33935966 | 15484344 | 45.62 |
| അസി.സെക്രട്ടറി | 6 | 6 | 10256750 | 8605556 | 83.90 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 23097 | 667301 | 690398 | 649506 | 44446 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32899297 | 32899297 | 32899297 | 0 |

NREGP ക്യാഷ് ബുക്ക് പ്രകാരമുള്ള തുക വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 7721100 | 673 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4400 | 2 |
| വാർദ്ധക്യകാലപെൻഷൻ | 19644600 | 1603 |
| വികലാംഗപെൻഷൻ | 4965900 | 203 |
| തൊഴിലില്ലായ്മ വേതനം | 5760 | ലഭ്യമല്ല |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2020 1 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25830/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കൃത്യമായ ഇടപെടൽ നടത്തിയിട്ടില്ല. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദേശങ്ങൾ നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ മാസവും നിർദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് കൃത്യമായി പാലിക്കുന്നില്ല. പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വിവിധോദ്ദേശ്യ ഗ്രാന്റുകളുടെയും പ്രത്യേക ഫണ്ടുകളുടെയും വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ശുചിത്വ മിഷൻ ഗ്രാന്റ്, സമ്പൂർണ ശുചിത്വമിഷൻ ഫണ്ട് എന്നിവ വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പല പദ്ധതി ചെലവുകളും സാംഖ്യ അക്കൗണ്ടിംഗിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2020 | 2020 സെപ്റ്റംബർ വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2015 | 2009-10 മുതൽ 2013-14 വരെ | 28.05.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ധനകാര്യ പത്രികയുമായി സംയോജിപ്പിച്ചിട്ടില്ല.

2. വസ്തുനികുതി ഡി.സി.ബി. കണക്കുകൾ - സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

3. LIFE-നായി HUDCO-യിൽ നിന്ന് ₹60,89,411/-യുടെ വായ്പ തൻവർഷം സ്വീകരിച്ചിരുന്നുവെങ്കിലും വരവ്- തിരിച്ചടവ് വിവരങ്ങൾ നിരീക്ഷിക്കുന്നതിന് ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. തൊഴിൽ നികുതിയായി ചെക്ക് നം. 728127/26.03.2019 പ്രകാരം സ്വീകരിച്ച ₹2500/- IDCB-യിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും (A/c. 120411201200002) അത് സാംഖ്യയിൽ IDCB Main A/c, എന്ന ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വെയ്ക്കപ്പെട്ട്

നീക്കിയിരിപ്പായി തുടരുന്നു. പ്രസ്തുത തുക ആദ്യ അക്കൌണ്ടിന്റെ പൊരുത്തപ്പെടുത്തൽ പത്രികയിൽ ക്രെഡിറ്റ് ചെയ്യാത്ത ചെക്കുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5. MGNREGS – I-6, I-14(a) എന്നീ പത്രികകളിലെ കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6. ലൈഫ് പാർപ്പിട സുരക്ഷ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹1100210/യിൽ ₹1100000/-യുടെ ചെലവുണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് സാംഖ്യ അക്കൗണ്ടിൽ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ₹1100210/-നീക്കിയിരുപ്പായി അവശേഷിക്കുന്നു.

7. SCP ഭവന പദ്ധതിക്കായി ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ₹160000/-യുടെ ചെലവ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള എസ്.സി.പി ഭവന പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് ₹1590000/-യാണ്.

8.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹200000/-യിൽ ₹28400/-യുടെ ചെലവുണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ലൈഫ് ഭവന പദ്ധതി ചെലവ് ഹെഡിലാണ് (320700104)

9. ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹1300000/-യിൽ ₹1283641/-യുടെ ചെലവാണുണ്ടായിട്ടുള്ളതെങ്കിലും സാംഖ്യ അക്കൗണ്ടിൽ ₹1300000/-യുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

10. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ഖരമാലിന്യ നിർമ്മാർജ്ജനം നീക്കിയിരുപ്പ് തുക ബി-17, RP40(b) ഷെഡ്യൂളുകളിലെ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകൾ പ്രകാരം ഗാർഹിക/ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശിക ₹9574967/- ആണ്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ സഞ്ചയ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ട് പ്രകാരം കുടിശ്ശിക ₹998474/- യും ആണ്. കണക്കുകളിലെ പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല. ഗണ്യമായ തുക കുടിശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത്).

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|---|
| 4 | 12/682 | തഹസിൽദാർ, ദേവികുളം | ഓഫീസ് | 2018-19 2 അർദ്ധ വർഷം |
| 5 | 12/2 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 2018-19 2 അർദ്ധ വർഷം |
| 6 | 12/594 | ഡി.എഫ്.ഒ, ദേവികുളം | ഓഫീസ് | 2018-19 2 അർദ്ധ വർഷം |
| 7 | 12/9 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 2012-13 മുതൽ |
| 8 | 12/680 | തഹസിൽദാർ, ദേവികുളം | ഓഫീസ് | 2013-14 മുതൽ |
| 9 | 12/465 | എം.ജോൺ മാത്യു, ദേവികുളം | അസംബ്ലി ഹാൾ | 2013-14 മുതൽ |
| 10 | 12/1 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 2018-19 2 അർദ്ധ വർഷം |
| 11 | 12/691 | ആർ.ഡി.ഒ, ദേവികുളം | ഓഫീസ് | 2013-14 മുതൽ |
| 12 | 12/6 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 2018-19 2 അർദ്ധ വർഷം |
| 14 | 12/94 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ല്യൂ.ഡി, ദേവികുളം | ഓഫീസ് | 2012-13 മുതൽ |
| 16 | 12/567 | എസ്.ഗോമതിയമ്മാൾ, ദേവികുളം | ഓഫീസ് | 2018-19 2 അർദ്ധ വർഷം |
| 17 | 12/678 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി, ദേവികുളം | ഓഫീസ് | 2012-13 മുതൽ |
| 18 | 12/688 | വാണിജ്യനികുതി ഓഫീസ്, ഇന്റലിജൻസ് ആഫീസ്, ദേവികുളം | ഓഫീസ് | 2013-14 മുതൽ |

| | | | | |
|---|---|---|---|---|
| 19 | 12/679 | എസ്.പി, ഇടുക്കി | ഓഫീസ് | 2018-19<br>2 അർദ്ധ വർഷം |
| 20 | 12/30 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് സബ് സെക്ഷൻ, മൂന്നാർ, | പാർപ്പിടം | 2013-14 മുതൽ |
| 21 | 12/3 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസ്, ദേവികുളം | ഓഫീസ് | 2018-19<br>2 അർദ്ധ വർഷം |
| 22 | 12/630 | രാജേശ്വരി ശേഷാദ്രി, ദേവികുളം | ഓഫീസ് | 2018-19<br>2 അർദ്ധ വർഷം |
| 23 | 12/568 | എസ്.ഗോമതിയമ്മാൾ, ദേവികുളം | ഓഫീസ് | 2018-19<br>2 അർദ്ധ വർഷം |
| 24 | 12/95 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൻ.എച്ച് സെക്ഷൻ, ദേവികുളം | ഓഫീസ് | 2013-14 മുതൽ |
| 25 | 12/716 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് സബ് സെക്ഷൻ, മൂന്നാർ | പാർപ്പിടം | 2013-14 മുതൽ |
| 26 | 16/428 | എംഡി, ടാറ്റ ടീ ലിമിറ്റഡ്, മാട്ടുപ്പെട്ടി ടോപ് ഡിവിഷൻ, മാട്ടുപ്പെട്ടി | ഓഫീസ് | 2016-17,2017-18<br>2 അർദ്ധ വർഷം |
| 27 | 16/431 | എം.ഡി, ടാറ്റാ ടീ ലിമിറ്റഡ്, മാട്ടുപ്പെട്ടി | ഓഫീസ് | 2017-18<br>2 അർദ്ധ വർഷം |

സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിലെ വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസുകളുടെ വ്യത്യാസം പരിശോധിച്ച് ക്രമീകരിച്ചിട്ടില്ല. കുടിശികക്കാരായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(15), 209ഇ വകുപ്പുകൾ പ്രകാരമുള്ള പിഴപ്പലിശ സഹിതം വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ നൽകിയിട്ടുള്ള പട്ടികകളിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

(എ) <u>ജീവനക്കാരുടെ തൊഴിൽ നികുതി</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ,ദേവികുളം ശാഖ | 2- എല്ലാ ജീവനക്കാരുടെയും നികുതി ഈടാക്കിയിട്ടില്ല |
| 2 | വാണിജ്യനികുതി ഓഫീസ്, ദേവികുളം | 2-എല്ലാ ജീവനക്കാരുടെയും നികുതി ഈടാക്കിയിട്ടില്ല |

(ബി) <u>സ്ഥാപന തൊഴിൽ നികുതി</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, ദേവികുളം | 1,2 |
| 2 | എസ്. ബി. ഐ, ദേവികുളം ശാഖ | 1,2 |
| 3 | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (റോസ് ഗാർഡൻ) മൂന്നാർ | 1,2 |
| 4 | കാർമ്മലഗിരി റെസ്റ്റോറന്റ് | 1,2 |
| 5 | കാർമ്മലഗിരി ബൊട്ടാണിക്കൽ ഗാർഡൻ | 1,2 |

ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തൻവർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ പരാമർശിക്കുന്ന ലൈസൻസ് ലഭ്യമാക്കിയിട്ടില്ല.

1. ഹാർട്ട് ഓഫ് മൂന്നാർ റിസോർട്ട്
2. കാർമ്മലഗിരി ബൊട്ടാണിക്കൽ ഗാർഡൻ
3. കാർമ്മലഗിരി റെസ്റ്റോറന്റ്
4. കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മൂന്നാർ(റോസ് ഗാർഡൻ)

പഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-15 വാടക കുടിശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് വക താഴെപ്പറയുന്ന വെയിറ്റിംഗ് ഷെഡ് റൂമിന്റെ 4/18 ലെ വാടക ഈടാക്കിയിട്ടില്ല. വാടകക്കാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

| വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക | കുടിശ്ശികയുടെ കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| സുശീല w/o കടക്കരൈ | വെയിറ്റിംഗ് ഷെഡ് റൂം | 1271 | 04/18 | 1271 |

ഈടാക്കാൻ അവശേഷിക്കുന്ന വാടക ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റേഷൻ കടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് നൽകി തൊഴിൽ നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽ നികുതി ഈടാക്കുവാനും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ലഭ്യമല്ല. മുൻ വർഷ റിപ്പോർട്ടിലെ ഇത് സമ്പന്ധിച്ച് പരാമർശം ഉണ്ടായിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.പഞ്ചായത്തിലെ 18 വാർഡുകളിലായുള്ള മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും, വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും, നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 പാർപ്പിടാവശ്യം/ഹോംസ്റ്റേ എന്നിവയ്ക്ക് നികുതി നിർണ്ണയിച്ച് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു- നികുതി നഷ്ടം

തൻവർഷത്തെ ലൈസൻസ് അപേക്ഷകളിൽ ഉൾപ്പെടുത്തിയ കെട്ടിട നമ്പരുകൾ സഞ്ചയയിലെ കെട്ടിട നികുതി ഡിമാന്റ് പത്രിക, എന്നിവ നികുതി നിർണ്ണയ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ചപ്പോൾ, ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തി. ഒരു ച.മീറ്ററിന് ₹5/- നിരക്കിലാണ് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വ്യാവസായികയമായ/ മറ്റ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ആയതിന് ബാധകമായ നിരക്കിൽ ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് ₹92513/- യുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 ഖരമാലിന്യ നിർമ്മാർജ്ജനം-രേഖകൾ പരിശോധിച്ച് ഉറപ്പു വ രുത്താതെ W-Tech എന്ന സ്ഥാപനത്തിന് കുടിശിക തുക അനുവദിച്ചു

ദേവികുളം ഗ്രാമപഞ്ചായത്തും സംസ്ഥാന ടൂറിസം വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് എന്ന പദ്ധതിയുടെ നടത്തിപ്പ് ചുമതല 15.03.13 ലെ 1-ാം നമ്പർ തീരുമാന പ്രകാരം W-Tech എന്ന സ്ഥാപനത്തെ ഏല്പിച്ചിരുന്നു. 01.04.13 മുതൽ 31.03.18 വരെയായിരുന്നു നിർവ്വഹണ കാലാവധി. നിർവ്വഹണ കാലാവധി പൂർത്തിയായതിനെ തുടർന്ന് 01.04.18 മുതലുള്ള നിർവ്വഹണ ചുമതല 27.03.18 ലെ

2-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിവരുന്നു. നിർവ്വഹണ കാലാവധി അവസാനിച്ചതിനെ തുടർന്ന് W-Tech എന്ന സ്ഥാപനം കുടിശിക തുകയായി ₹1794750/- ആവശ്യപ്പെടുകയും ഗ്രാമ പഞ്ചായത്ത് താഴെപ്പറയും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ചെലവിനം | ചെക്ക് നം./ തീയതി | തുക(₹) |
|---|---|---|
| 3/16ലെ തൊഴിലാളികളുടെ കൂലി | 022608/27.7.18 | 373350 |
| മാനേജ്മെന്റ് ഫീ(4/17,7/17,8/17,9/17,10/17,11/17,12,17,1/18,2/18,3/18) | 022608/27.7.18 | 750000 |
| 3/18ലെ തൊഴിലാളികളുടെ കൂലി | 2080204/17.4.18 | 359350 |
| ആകെ | | 1482700 |

കുടിശിക തുക അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

### 1. പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ നിർവ്വഹണ ഏജൻസിക്ക് തുക അനുവദിച്ചു

ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായ W-Tech ന് ₹1482700/- കുടിശികയായി അനുവദിച്ചിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണ ചെലവിനാവശ്യമായ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി അംഗീകാരം നേടിയിട്ടില്ല.

### 2. നിർവ്വഹണ ഏജൻസിയായ W-Tech-ൽ നിന്നും വാടകഈടാക്കിയിട്ടില്ല

പഞ്ചായത്ത് വക എക്കോപോയിന്റ് കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗിന്റെ ഒന്നാം നിലയിലെ കോണിപ്പടിയുടെ വലതുവശത്തെ ആദ്യമുറി പ്രതിമാസം ₹10000/- വാടകയ്ക്ക് ഓഫീസ് പ്രവർത്തനത്തിനു വേണ്ടി W-Tech എന്ന സ്ഥാപനം ഏറ്റെടുത്തിരുന്നു.ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും W-Tech എന്ന സ്ഥാപനവും തമ്മിൽ 25.04.13 ൽ വാടക കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.വാടക കരാർ ഉടമ്പടി 31.03.14ൽ അവസാനിച്ചുവെങ്കിലും W-Tech എന്ന സ്ഥാപനം പ്രസ്തുത മുറി 31.3.18 വരെ ഓഫിസ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.വാടക കരാർ പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 01.04.13 മുതൽ 31.03.18 വരെയുള്ള വാടക ഗ്രാമ പഞ്ചായത്തിന് ലഭ്യമായതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. W-Tech ന് നൽകിയ മാനേജ്മെന്റ് ഫീസിൽ നിന്നും വാടക തുക കുറവു ചെയ്യുകയും ചെയ്തിട്ടില്ല.

### 3. കുടിശിക തുക അനുവദിക്കുന്നതിനുമുമ്പ് പദ്ധതി ചെലവ് സംബന്ധിച്ചമുഴുവൻ രേഖകളും പരിശോധിച്ച് ഉറപ്പു വരുത്തിയില്ല

01.04.13 മുതൽ 31.03.18 വരെയുള്ള ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുള്ള ചെലവ് ഫീസായി ₹13633450/- നിശ്ചയിച്ചാണ് W-Tech ഗ്രാമപഞ്ചായത്തുമായി 20.03.13 ൽ കരാർ ഒപ്പുവച്ചിട്ടുള്ളത്. 01.04.13 മുതൽ 31.03.18 വരെ W-Tech ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുള്ള പദ്ധതി ചെലവ് തുക ₹13633450/-യിൽ അധികരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താതെയാണ് നിർവ്വഹണ ഏജൻസിയായ W-Tech ന് കുടിശിക തുകയായി ₹1482700/-അനുവദിച്ചിട്ടുള്ളത്. 01.04.2013 മുതൽ നാളിതുവരെ W-Tech ന് നൽകിയ തുകയെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

### 4. റിസോർട്ടുകൾ,റെസ്റ്റോറന്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റിസോർട്ടുകൾ, റെസ്റ്റോറന്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഗ്രാമപഞ്ചായത്ത് നിർണയിക്കുന്ന നിരക്കിലുള്ള ഗുണഭോക്തൃവിഹിതം നിർവ്വഹണ ഏജൻസിയായ W-Tech പിരിച്ചെടുത്ത് കൃത്യമായി ഗ്രാമ പഞ്ചായത്തിൽ ഒടുക്കണമെന്ന് കരാറിൽ 15-ാം നമ്പർ വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തിന് വരവുണ്ടായിട്ടില്ല. ഗുണഭോക്തൃവിഹിതവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല.

നിർവ്വഹണ ഏജൻസിക്ക് കുടിശിക അനുവദിച്ചതിലെ അപാകതകളുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.18) വിശദീകരണം നൽകിയിട്ടില്ല. ₹1482700/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഉപ ഖണ്ഡിക 2-ൽ പരാമർശിച്ചിട്ടുള്ള വാടക കുടിശിക ₹600000/-(01.04.13 മുതൽ 31.03.18 വരെയുള്ള വാടക@10000/-) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 വിവിധ പദ്ധതികൾക്കു വേണ്ടിയുള്ള ഫർണീച്ചർ വാങ്ങൽ-സർക്കാർ മാർഗ്ഗ

# നിർദ്ദേശങ്ങൾ പാലിച്ചില്ല

അസി.സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കുവേണ്ടി കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് 4429(ARTCO Ltd) എന്ന സ്ഥാപനത്തിൽ നിന്നും ഫർണീച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

## 1. ജനറൽ വിഭാഗം വയോജനങ്ങൾക്ക് കട്ടിൽ വിതരണം

| | | |
|---|---|---|
| പ്രോജക്ട് നം. | 170/19 | |
| പദ്ധതി അടങ്കൽ | ₹500000/-(തനത് ഫണ്ട്) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക(₹) |
| | ചെക്ക്നം.<br>210072/30.3.19 | 461182 |
| | ചെക്ക് നം.<br>210073/30.3.19 | 7962 |

ഇൻവോയ്സ് നം.264/28.3.19 പ്രകാരം ₹4350/-നിരക്കിൽ 108 കട്ടിലുകൾ വാങ്ങിയതിന് ₹469794/ ചെലവഴിച്ചിട്ടുണ്ട്.

## 2. വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)

| | | |
|---|---|---|
| പ്രോജക്ട് നം. | 24/19 | |
| പദ്ധതി അടങ്കൽ | ₹2631750/-(വി.ഫ.എസ്.സി.പി) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക(₹) |
| | 4/18.2.19 | 434995 |
| | 11/20.3.19 | 326246 |
| | 13/20.3.19 | 687292 |
| | 14/20.319 | 160948 |
| | ആകെ | 1609481 |

ഗ്രാമപഞ്ചായത്തിലേക്ക് സപ്ലൈ ചെയ്തിട്ടുള്ള കട്ടിലുകളുടെ ഇൻവോയ്സ് വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം/തീയതി | കട്ടിലുകളുടെ എണ്ണം | തുക(₹) |
|---|---|---|
| 145/10.1.19 | 100 | 434995 |
| 179/26.2.19 | 75 | 326246 |
| 193/9.3.19 | 158 | 687292 |
| 194/9.3.19 | 37 | 160948 |
| ആകെ | 370 | |

## 3. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നം. | 25/19 | |
| പദ്ധതി അടങ്കൽ | ₹2225000(വി.ഫ.എസ്.സി.പി) | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക(₹) |
| | 8/28.2.19 | 1500252 |
| | 12/20.3.19 | 175029 |
| | ആകെ | 1675281 |

ഇൻവോയ്സ് നം.140/10.01.19 പ്രകാരം 300 ഫർണീച്ചറുകളും (മേശ&കസേര) ഇൻവോയ്സ് നം.82/25.2.19 പ്രകാരം 35 ഫർണീച്ചറുകളുമാണ് ഗ്രാമപഞ്ചായത്തിലേക്ക് സപ്ലൈ ചെയ്തിട്ടുള്ളത്.

കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി സ്വന്തമായി നിർമ്മിക്കുന്നതും സർക്കാർ അംഗീകരിച്ചിട്ടുള്ള വില വിവര പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഫർണീച്ചറുകൾ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നേരിട്ടു വാങ്ങുന്നതിന് 2.2.18 ലെ ജി.ഒ(ആർ.റ്റി)4/18/SPD പ്രകാരം സർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിരുന്നു. ദേവികുളം ഗ്രാമ പഞ്ചായത്തിലേക്ക് തൻവർഷം വാങ്ങിയിട്ടുള്ളത് സർക്കാർ അംഗീകരിച്ചിട്ടുള്ള വിലവിവര പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഫർണീച്ചറുകളല്ല.സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമത്തിലെ ടെണ്ടർ നടപടിക്രമങ്ങൾ ബാധകമാണെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നെങ്കിലും പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിക്കാതെയാണ് ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളത്. ഫർണീച്ചറുകൾ സ്വന്തമായി നിർമ്മിച്ചിട്ടുള്ളതാണെന്ന ആർട്കോ മാനേജിംഗ് ഡയറക്ടറുടെ സാക്ഷ്യപത്രം ലഭിച്ചിരിക്കണമെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. ആർട്കോയിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് വാങ്ങി ഫർണീച്ചറുകളുടെ വിലവിവരം ഉറപ്പു വരുത്തുകയും ചെയ്തിട്ടില്ല. ഫർണീച്ചറുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതു സംബന്ധിച്ച് പർച്ചേസിംഗ് കമ്മിറ്റി റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.17) വിശദീകരണം നൽകിയിട്ടില്ല.വിവിധ പദ്ധതികൾ പ്രകാരമുള്ള ₹3754556/- (469794+1609481+1675281)യുടെ ഫർണീച്ചർ വാങ്ങൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി അധികമായി കൂട്ടിച്ചേർത്ത് നിർവ്വഹിച്ചത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട്/നം | 53/18-19 |
| പ്രോജക്ട് | ചിറ്റവര സൗത്ത് ഡിവിഷൻ മാരിമുത്ത് വീട് മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് കോൺക്രീറ്റ് |
| ബിൽ നം-തുക-തീയതി | 11/18-19-₹415685/-18.1.2019 |
| എംബുക്ക് നം | 128/18-19 |
| അടങ്കൽ തുക | ₹416000/- |
| കോൺട്രാക്ടർ | റോയ് ജോസഫ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ചിറ്റവര സൗത്ത് ഡിവിഷൻ മാരിമുത്ത് വീട് മുതൽ നോർത്ത് ഡിവിഷൻ വരെ റോഡ് കോൺക്രീറ്റിംഗിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 1.2.4 കോൺക്രീറ്റിംഗിനും റിട്ടെയിനിംഗ് വാൾ പണിയുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി നിർവ്വഹണം നടത്തുകയായിരുന്നു.

<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

എസ്റ്റിമേറ്റിൽ ഇനം 1.3 ൽ 1.2.4 (20 mm Graded) കോൺക്രീറ്റിംഗ് 37.500 m3 ചെയ്യുന്നതിനും,ഇനം 2.2 ൽ 7.85 m3 റിട്ടെയിനിംഗ് വാൾ പണിയുന്നതിനുമാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാരാക്കാതെ, 7.85 m3 റിട്ടെയിനിംഗ് വാൾ പ്രവൃത്തി ഒഴിവാക്കുകയും, 1.2.4 (20 mm Graded) കോൺക്രീറ്റിംഗ് 37.500m3 ചെയ്യുന്നതിനുപകരം 46.08 m3 ചെയ്തിരിക്കുന്നു. (അധികം 8.58m3 x ₹8979.72= 77046) ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.10 തീയതി 05.110.2020) മറുപടി നൽകിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തിയിൽ മാറ്റം വരുത്തി 1.2.4 (20 mm Graded) കോൺക്രീറ്റിംഗ് ഇനത്തിന് അധികമായി ചെലവഴിച്ച തുക ₹77046/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 സർക്കാരിൽ നിന്നും അനുവദിച്ചു നൽകിയ പദ്ധതി വിഹിതം തുക വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തി

2018-19 വർഷം സർക്കാരിൽനിന്നും പദ്ധതി വിഹിതമായി ലഭിച്ച എസ്.സി.പി ഫണ്ട് വിനിയോഗിക്കുന്നതിൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് കാര്യമായ നേട്ടം കൈവരിച്ചിട്ടുള്ളത്. വികസന ഫണ്ട് (ജനറൽ&ടി.എസ്.പി),ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് (റോഡ്&റോഡിതരം) എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല. സംരക്ഷണ ഗ്രാന്റ് റോഡിനത്തിൽ സർക്കാർ അനുവദിച്ച

നൽകിയ തുകയുടെ 14.18%ഉം റോഡിതര തുകയിൽ 28.52%ഉം മാത്രമാണ് ഗ്രാമപഞ്ചായത്തിന് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിവിധ പദ്ധതി ഫണ്ട് തുകകളുടെ വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ട് | സർക്കാർ ഗ്രാന്റായി അനുവദിച്ച തുക(₹) | ഗ്രാമ പഞ്ചായത്ത് വിനിയോഗിച്ച തുക(₹) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 21670083 | 14425857 | 66.57 |
| വികസന ഫണ്ട് (എസ്.സി.പി) | 34629000 | 32155549 | 92.85 |
| വികസന ഫണ്ട് (ടി.എസ്.പി) | 531000 | 158457 | 29.84 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 12251593 | 7038554 | 57.45 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 981000 | 139129 | 14.18 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3960000 | 1129513 | 28.52 |

സർക്കാരിൽ നിന്നും പദ്ധതി വിഹിതമായി ലഭിച്ച ₹18975617/-യഥാസമയം വിനിയോഗിക്കാത്തതുമൂലം പാഴായി പോയിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന തുക പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുതകുംവിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി പണം പാഴായി പോകാതെ വിനിയോഗിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 1-22 ശുചിത്വ മിഷൻ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിന് ലഭിക്കുന്ന തുകകൾ യഥാവിധി ചെലവഴിക്കുന്നുണ്ടെന്ന് ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

| ഫണ്ട് | അക്കൗണ്ട് ലെഡ്ജർ | തുക(₹) | തുക ലഭിച്ച വർഷം |
|---|---|---|---|
| സമ്പൂർണ ശുചിത്വം (കേന്ദ്രം) | 320100155 | 665317 | ലഭ്യമല്ല |
| സമ്പൂർണ ശുചിത്വം(സംസ്ഥാനം) | 320200322 | 838576 | 2018-19 |
| ശുചിത്വ മിഷൻ | 320300103 | 2180000 | 2017-18&18-19(2017-18-₹2000000,2018-19-₹180000/-) |
| ആകെ | | 3683893 | |

ശുചീകരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നു ലഭിക്കുന്ന തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ തിരിച്ചറിയപ്പെടാത്ത തുക ₹658936/- അവശേഷിക്കുന്നു

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ ദേവികുളം ശാഖയിലുള്ള പ്ലാൻ അക്കൗണ്ടിൽ (67052439733), 31.03.2019 വരെയുള്ള രേഖപ്പെടുത്തലുകൾ പ്രകാരം ₹658936/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ നീക്കിയിരിപ്പ് തുക ഏതൊക്കെ ഇനങ്ങളിലുള്ളതാണെന്ന് പരിശോധിക്കാനായില്ല. ധനവകുപ്പിന്റെ 12-04-2006-ലെ ജി.ഒ.(പി)നം.177/2006-ലെ 10.3

നിബന്ധന പ്രകാരം, മുൻവർഷങ്ങളിൽ പിൻവലിച്ചതും വിനിയോഗിക്കാത്തതുമായ എ, ബി, സി ഫണ്ടുകൾ സഞ്ചിത നിധിയിലേയ്ക്ക് ചലാൻ വഴി 911-Deduct-Recoveries of Over payment എന്ന ശീർഷകത്തിൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

### 1) തയ്യാറാക്കിയ മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കുന്നില്ല. മരാമത്ത് പ്രവൃത്തി അവലോകനം-അപാകതകൾ

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 85 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 46 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| ആകെ പദ്ധതി | 85 | 33935966 |
| നടപ്പിലാക്കിയത് | 47 | 15484344 |
| ശതമാനം | 54.11 | 45.62% |
| പൂർത്തീകരിക്കാത്തത് | 39 | 18451622 |
| ശതമാനം | 45.88 | 54.37% |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 11എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. അവയിൽ 1 പ്രൊജക്ട് ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

### 2) കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തുന്നില്ല

സ.ഉ (കൈ) നം.11/2018 തസ്വഭവ, തീ.29.01.2018 പദ്ധതി മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഒരു കെട്ടിടത്തിന്റെ വിവിധ ഘടകങ്ങൾക്ക് പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കുന്നതായാണ് കാണുന്നത്. ഉദാഹരണം:-

പ്രൊജകട് നം. 140/18-19 : പകൽ വീട് നിർമ്മാണം

### 3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പദ്ധതി രൂപീകരണ ഫോറങ്ങളിൽ ആസ്തികളുടെ റഫറൻസ് നമ്പർ ചേർക്കുന്നില്ല. പദ്ധതികൾ പൂർത്തീകരിച്ചാൽ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ (സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.29-1-2018) ഖണ്ഡിക 11.4 (2) ലെ നിബന്ധനയും പാലിച്ചിട്ടില്ല. ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങളില്ല. തൻവർഷത്തെ വിവിധ പ്രൊജക്ടുകൾ പ്രകാരം വികസിപ്പിച്ച ആസ്തികളുടെ കാലികമായ വിവരവും ചേർത്തിട്ടില്ല.

### 4) ആസ്തി സംരക്ഷണ പദ്ധതി പ്രത്യേകം തയ്യാറാക്കിയിട്ടില്ല

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ (സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.29-1-2018) ഖണ്ഡിക 6.7 പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

### 5) റോഡുകൾക്ക് തിരിച്ചറിയൽ കല്ലുകൾ സ്ഥാപിച്ചിട്ടില്ല

GO(MS) 165/2010/ തസ്വഭവ. തി: 16-1-2010 പ്രകാരം ത്രിതല പഞ്ചായത്തുകളിൽ ഓരോന്നിന്റെയും കൈവശത്തിലുള്ള റോഡുകൾക്ക് പ്രത്യേകം നിറത്തിലുള്ള കിലോമീറ്റർ, ഹെക്ടോ മീറ്റർ തിരിച്ചറിയൽ കല്ലുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല.അപാകതകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

6) വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് റീടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ തുടക്കം, അവസാനം, നീളം, വീതി, പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ്, ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾ തുടങ്ങിയവ കാണിക്കുന്ന രേഖകൾ/മാപ്പ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടാറിംഗ്/റീടാറിംഗ്/ അറ്റകുറ്റപ്പണികളുടെ ഇടവേളയും ആവശ്യകതയും കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. തന്മൂലം ഓരോ വാർഷിക പദ്ധതിയിലും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭിക്കാതെ വരുന്നു. ആയതിനാൽ കൃത്യമായ ഇടവേളയും ആവശ്യകതയും ഉറപ്പുവരുത്തുന്നതിനായി റോഡു പ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം നടപ്പാക്കിയ 65 മരാമത്ത് പ്രോജക്ടുകളുടെ ഇ-ടെണ്ടർ ഫോം വില ഇനത്തിൽ ₹38548/- ഇടുക്കി ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 മുന്നൊരുക്കങ്ങൾ നടത്താതെ ഉപകരണങ്ങൾ വാങ്ങിയത്

| | |
|---|---|
| പ്രോജക്ട്/നം | 31/18-19 |
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് വാട്ടർ പ്യൂരിഫെയർ വാങ്ങൾ |
| ബിൽ നം-തുക-തീയതി | 3/18-19-₹47900/-30.10.2018 |
| അടങ്കൽ തുക | ₹48000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി |

കട്ടിയാർ വാലി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയ്ക്ക് വാട്ടർ പ്യൂരിഫെയർ വാങ്ങുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വെള്ളത്തൂവൽ റൈറ്റ് ടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഉപകരണങ്ങൾ ഇൻവോയിസ് നം.146/18.10.2018 പ്രകാരം വാങ്ങുകയും ചെയ്തു.

| ഇനം | വില ₹ |
|---|---|
| സിൽവർ മിസ്റ്റ് വാട്ടർ പ്യൂരിഫെയർ | 39900 |
| മോട്ടർ പമ്പ് | 8000 |
| ആകെ | 47900 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2018-19 വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് വേണ്ടി വാങ്ങിയ വാട്ടർ പ്യൂരിഫെയറും മോട്ടോർ പമ്പും നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

2. വൈദ്യുതി കണക്ഷണോ, വാട്ടർ കണക്ഷണോ നാളിതുവരെ ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമാക്കിയിട്ടില്ല.

3. ഒരു വർഷത്തെ വാറന്റി കാലാവധി തീർന്ന സാഹചര്യത്തിൽ വാട്ടർ പ്യൂരിഫെയറും മോട്ടോർ പമ്പും പ്രവർത്തനസജ്ജമായില്ലെങ്കിൽ വാങ്ങിയ ഈ ഉപകരണങ്ങൾക്കായി ചെലവാക്കിയത് പാഴ്ചെലവാകുമെന്നത് ഉറപ്പാണ്.

പ്രാരംഭ മുന്നൊരുക്കങ്ങൾ നടത്താതെ ഉപകരണങ്ങൾ വാങ്ങിയതിന്റെ ചെലവ് ₹47900/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തുക ഡെപ്പോസിറ്റ് ചെയ്തിട്ടും കുഴൽ കിണർ നിർമ്മാണം തുടങ്ങിയില്ല. ₹53270/- യുടെ ചെലവ് തടസ്സം

| | | | |
|---|---|---|---|
| നിർവ്വഹണം | സെക്രട്ടറി | | |
| പദ്ധതി നം | 163/2019 | | |
| പദ്ധതി | പഞ്ചായത്ത് ഓഫീസ്, പബ്ലിക്ക് ടോയ് ലറ്റ് എന്നിവയ്ക്കായി ബോർവെൽ സ്ഥാപിക്കൽ | | |
| അടങ്കൽ | തനത് ഫണ്ട് | ₹ | 200000 |
| വൗച്ചർ നം | 512190720118035 | ₹ | 51430 |

| | | |
|---|---|---|
| | തീ:15-02-2019 | |

ഗ്രാമപഞ്ചായത്ത് ഓഫീസ്, പബ്ലിക്ക് ടോയ് ലറ്റ് എന്നിവക്കായി ബോർവെൽ സ്ഥാപിക്കാനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. ജില്ലാ ഗ്രൗണ്ട് വാട്ടർ ഓഫീസറുടെ 31.01.2018 ലെ GWDI/1301/18 നമ്പരായുള്ള ഫീസിബിലിറ്റി എസ്റ്റിമേറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ₹51430/- (ഡി.ഡി നം 96270 തീ: 07.03.2019) ഗ്രൗണ്ട് വാട്ടർ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

പ്രസ്തുത കുഴൽ കിണർ നിർമ്മിക്കേണ്ടത് ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തായി സ്ഥിതി ചെയ്യുന്ന കെ.ഡി.എച്ച്.പി. കമ്പനിയുടെ കൈവശമുള്ള സർവെ നം. 926 ൽ പെട്ട ഭൂമിയിലാണ്. കുഴൽ കിണർ നിർമ്മിക്കുന്നതിന് അനുവാദത്തിന് കമ്പനിയെ സമീപിക്കുകയും സ്ഥലം കമ്പനിയുടെ കൈവശമാണെങ്കിലും സ്ഥലം പഞ്ചായത്തിന് നൽകുന്നതിന് ദേവികുളം സബ് കളക്ടറുടെ അനുവാദം ആവശ്യമാണെന്ന് 21.11.2019 ലെ എ&എൽ 414.35(2)/2009/2019 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചു. ബോർവെൽ നിർമ്മിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പ് ജില്ലാ ഓഫീസറുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് 29.01.2020 ലെ ആർ.ഡി.ഒ-ഡി.വി.എം/194/2020-ബി7 പ്രകാരം സബ്കളക്ടർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചു. അത് പ്രകാരം സർവേ ചാർജ്ജ് ഇനത്തിൽ ₹1840/- (ചെലാൻ നം : 0078741132018194 തീ: 01.11.2018) കൂടി ഭൂഗർഭ ജല വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ബോർവെൽ നിർമ്മാണം തുടങ്ങിയിട്ടില്ല. ആയതിനാൽ ₹53270/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബോർവെൽ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലനം -അധിക തുക ₹363500/- ജില്ലാ മൃസംരക്ഷണ ഓഫീസിൽ അടവാക്കിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി | 11/2019 പ്രത്യേക കന്നുകുട്ടി പരിപാലനം |

വിവിധ കന്നുകുട്ടി പരിപാലന പദ്ധതികളിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. <u>സംസ്ഥാന വിഹിതം ഉൾപ്പെടുത്തിയിട്ടില്ല- പഞ്ചായക്ക് തുക അധികം നൽകി</u>

സംസ്ഥാന വിഹിതം ₹6250/- തദ്ദേശ ഭരണസ്ഥാപന വിഹിതം ₹6250/-, ഗുണഭോക്തൃ വിഹിതം ₹12500/- എന്ന ധനകാര്യ സ്രോതസ്സിലൂടെ പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് ഒരു കന്നുകുട്ടിക്ക് പരാമവധി ₹6250/- സബ്സിഡി നൽകുന്നതിനാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഖ.6.2 ക്രമനം 6 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാന വിഹിതം ലഭിക്കുന്നില്ലെങ്കിൽ അതുകൂടി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്താമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുപ്രകാരം ₹12500/- നിരക്കിലാണ് ആകെ അനുവദിക്കാവുന്ന സബ്സിഡി. സബ്സിഡി തുക പൂർണ്ണമായും ഗ്രാമപഞ്ചായത്ത് വിഹിതം ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | പദ്ധതി & പദ്ധതി നം | ഗുണഭോക്താക്കളുടെ എണ്ണം | ഉൾപ്പെടുത്തേണ്ട തദ്ദേശ ഭരണസ്ഥാപന വിഹിതം ₹ | ഉൾപ്പെടുത്തിയ തദ്ദേശ ഭരണസ്ഥാപന വിഹിതം ₹ |
|---|---|---|---|---|
| 1 | 178/2019 പൊതു വിഭാഗം വനിതകൾ | 26 | 162500 | 330000<br>ബിൽ നം 4/2018-19 തീ:21.03.2019 |
| 2 | 177/2019 എസ്.സി വിഭാഗം വനിതകൾ | 79 | 493750 | 996000<br>ബിൽ നം 3/2018-19 തീ:21.03.2019 |

സംസ്ഥാന വിഹിതം ഉൾപ്പെടുത്താതെ തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ട് വകയിരുത്തിയാൽ തന്നെ പൊതു വിഭാഗം വനിതകൾ പദ്ധതിക്ക് ആകെ ₹325000/-, എസ്.സി വിഭാഗം വനിതകൾ പദ്ധതിക്ക് ആകെ ₹987500/- എന്നിങ്ങനെ നൽകിയാൽ മതി. എന്നാൽ യഥാക്രമം ₹330000/-, ₹996000/- നൽകിയതാനാൽ ₹13500/- അധികമായി ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് അധികം നൽകിയ തുക ₹13500/- തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

2. കന്നുകുട്ടികൾ ലഭ്യമല്ല- തുക കൈമാറി

വിഭാവനം ചെയ്ത അത്രയും എണ്ണം കന്നുകുട്ടികൾ ലഭ്യമല്ലാതിരുന്നിട്ടും വിഹിതം പൂർണ്ണമായി ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയിതായി കാണുന്നു.

| ക്രമ നം | പദ്ധതി & പദ്ധതി നം | തുക അടവാക്കിയ കന്നുകുട്ടികളുടെ എണ്ണം | രജിസ്റ്റർ പ്രകാരം യഥാർത്ഥത്തിൽ ഉള്ള കന്നുകുട്ടികളുടെ എണ്ണം | കുറവ് | ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| 1 | 178/2019 പൊതു വിഭാഗം വനിതകൾ | 26 | 17 | 9 | 9x12500= 112500 |
| 2 | 177/2019 എസ്.സി വിഭാഗം വനിതകൾ | 79 | 60 | 19 | 19X12500 = 237500 |
| ആകെ | | | | | 350000 |

വിഭാവനം ചെയ്ത എണ്ണം കന്നുകുട്ടികൾ ലഭ്യമല്ലാതിരുന്നിട്ടും അധികമായി ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയ തുക ₹350000/- തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ആയതിന് ഓഡിറ്റ് എൻക്വയറി (നം.7 തീയതി 14.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-29 ആശ്രയ പദ്ധതി- തൻ വർഷം തുക വകയിരുത്തിയിട്ടില്ല- കുടുബശ്രീയിൽ വൻ പ്ലാൻഫണ്ട് നിക്ഷേപം

തൻവർഷം ആശ്രയ പദ്ധതിക്കായി പദ്ധതി വിഹിതം വകയിരുത്തിയിട്ടില്ല. 31.10.2020 ൽ കുടുംബശ്രീയിൽ അവശേഷിക്കുന്ന തുകളുടെ വിവരം താഴെ നൽകുന്നു.

| ബാങ്ക് അക്കൗണ്ട് നം | ഇനം | തുക ₹ |
|---|---|---|
| എസ്.ബി.ഐ ദേവികുളം 36112 | ആശ്രയ | 1054557 |

1.ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

2. 2016-17 സാമ്പത്തിക വർഷ പദ്ധതി പ്രകാരം ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ 04.08.2016 ൽ നിക്ഷേപിച്ച ₹1950000/- യുടെ ബാക്കി തുക ₹394909/- യു.ബി.ഐ, മൂന്നാർ 19684 യിൽ അവശേഷിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും ക്രയവിക്രയം നടക്കുന്നില്ലായെങ്കിൽ അവശേഷിക്കുന്ന തുക സർക്കാർ ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവനപദ്ധതി-അവലോകനം

എ. ഫണ്ട് വിനിയോഗം

ലൈഫ് ഭവനപദ്ധതിക്കായി വിവിധ സ്രോതസ്സുളിൽ നിന്നും നാളിതുവരെ ലഭിച്ചതും ചെലവായതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | പൊതു വിഭാഗം | 5770474 | 5770474 |
| | എസ്. സി.പി | 9306350 | 8370000 |
| | റ്റി.എസ്.പി | 372000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 2300000 | 1283641 |
| | എസ്. സി.പി | 1750000 | 0 |
| | റ്റി.എസ്.പി | 400000 | 0 |
| ജില്ലാപഞ്ചായത്ത് | പൊതു വിഭാഗം | 1100210 | 1100000 |
| ഹഡ്കോ വായ്പ | | 6089441 | 6089441 |
| സംസ്ഥാന വിഹിതം | | 5258085 | 1810000 |

ബി. ഗുണഭോക്തൃ വിശകലനം

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | ആകെ |
|---|---|---|---|
| കരാർ വച്ചത് | 130 | 151 | 281 |
| പണി തുടങ്ങാത്തത് | 7 | 5 | 12 |
| തുടങ്ങിയത് | - | - | - |
| തറ തീർന്നത് | 14 | 5 | 19 |
| ലിന്റൽ തീർന്നത് | 13 | 12 | 25 |
| മേൽക്കൂര തീർന്നത് | 4 | 4 | 8 |
| പണി തീർന്നത് | 92 | 125 | 217 |

## 1-31 ലൈഫ് മിഷൻ-ഫേസ്-1- പദ്ധതി- വീട് പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം &പദ്ധതി | 156/2019 ലൈഫ് മിഷൻ-പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം- (എസ്.സി) |
| | 157/2019 ലൈഫ് മിഷൻ-പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം- (പൊതു വിഭാഗം) |

ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതികളിൽ തുക കൈപ്പറ്റിയ ശേഷം പണി മുടങ്ങിപോയവർക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ആനുപാതിക ധനസഹായം നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നതാണ് ലൈഫ് മിഷൻ-ഫേസ്-1- പദ്ധതി. താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിലും ധനസഹായം നൽകിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാതെ ഭവന നിർമ്മാണം മുടങ്ങികിടക്കുന്നതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | നാളിതുവരെ നൽകിയ തുക ₹ | അവസാനം ഗഡു നൽകിയ തീയതി | ഭവനത്തിന്റെ അവസ്ഥ |
|---|---|---|---|---|
| 1 | ഗോൾഡ്ഡാസ് പാർത്തിയമ്മാൾ, സൗത്ത് ഡിവിഷൻ | 60000 | 28.03.2018 | ലിന്റൽ നില |
| 2 | ഗണേശൻ ചന്ദ്രൻ, കുണ്ടള എസ്റ്റേറ്റ് | 140000 | 28.03.2018 | തറ നില |
| 3 | ശാന്തി രാജ, അപ്പർ ഡിവിഷൻ | 140000 | 28.03.2018 | തറ നില |
| 4 | കുമാർ അമുദ, ഗുണ്ടുമല | 60000 | 28.03.2018 | തറ നില |
| 5 | പവൻ തായി, അപ്പർ ഡിവിഷൻ | 140000 | 28.03.2018 | തറ നില |
| 6 | അയ്യപ്പൻ പളനിയമ്മാൾ, നെറ്റിക്കുടി | 120000 | 27.06.2019 | തറ നില |
| 7 | കാർത്തിക് സത്യ, എല്ലപ്പെട്ടി | 100000 | 27.06.2019 | തറ നില |
| 8 | കറുപ്പയ്യ ഗണപതിയമ്മാൾ, പുതുക്കുടി | 160000 | 27.06.2019 | ലിന്റൽ നില |
| 9 | പെരിയസാമി പാർവതി,ഈസ്റ്റ് ഡിവിഷൻ | 160000 | 11.07.2019 | ലിന്റൽ നില |
| 10 | കെ.പി രാജ വിജയകുമാരി, ലോക് ഹേർട്ട് എസ്റ്റേറ്റ് | 140000 | 11.07.2019 | തറ നില |
| 11 | അരസിയമ്മ രാജം, കെ.കെ ഡിവിഷൻ | 140000 | 28.03.2018 | തറ നില |
| 12 | മഹാലക്ഷ്മി കൃഷ്ണ, പുതുക്കുടി | 200000 | 11.07.2019 | ലിന്റൽ നില |
| 13 | ഗോപി സോണിയ, വെസ്റ്റ് ഡിവിഷൻ | 120000 | 26.07.2019 | ലിന്റൽ നില |

ഭവന നിർമ്മാണം വീണ്ടും മുടങ്ങി പോകുന്നത് 19.04.2017 ലെ സ.ഉ (പി) 10/2017 / ആ.സാ.വ ഉത്തരവിന്റെ ഖ.4-1-1 പ്രകാരമുള്ള ലക്ഷ്യം- "മുൻകാലങ്ങളിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക" - കൈവരിക്കുവാൻ സാധിക്കുകയില്ല എന്ന് ഓർമ്മപ്പെടുത്തുന്നു. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണവകപ്പിന്റെ 19-04-2011 ലെ സ.ഉ (കൈ) 1038/11 ഉത്തരവിലെ നിർദ്ദേശാനസരണം 12% പലിശ സഹിതം തുക ഈടാക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിലെ അപാകതകൾ

### പാർപ്പിടാവശ്യം/ഹോംസ്റ്റേ എന്നിവയ്ക്ക് നികുതി നിർണ്ണയിച്ച് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു- നികുതി നഷ്ടം

തൻവർഷത്തെ ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പരുകൾ, സഞ്ചയ സ്റ്റേറ്റ്മെന്റിലെ ഡിമാന്റ് പത്രിക എന്നിവ നികുതി നിർണ്ണയ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ചപ്പോൾ, ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തി. ഒരു ച.മീറ്ററിന് ₹5/- നിരക്കിലാണ് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വ്യാവസായികമായ/ മറ്റ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ആയതിന് ബാധകമായ നിരക്കിൽ ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുകയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | നികുതി ഈടാക്കിയിരിക്കുന്നത് | നിലവിലെ ഉപയോഗം | കെട്ടിട വിസ്തീർണ്ണം (ച.മീ.) | ബാധകമായ നിരക്കിൽ വസ്തു നികുതി നിരക്ക് (1 ച.മീ-ന്) ഈടാക്കേണ്ടത് (₹) | അടിസ്ഥാന വസ്തു നികുതി ഈടാക്കേണ്ടത്(₹) | ഈടാക്കിയ വസ്തു നികുതി (₹) | കുറവ് (₹) |
|---|---|---|---|---|---|---|---|---|
| (A) | (B) | (C) | (D) | (E) | (F) | (G) | (H) | (I) |
| ജോളി ജോസ് | 12/73 സ്പ്രിംഗ് ഡേൽ റിസോർട്ട് | അസംബ്ലിഹാൾ | റിസോർട്ട് | 592 | 90 | 53280 | 23680 | 29600 |
| ജോളി ജോസ് | 12/74 സ്പ്രിംഗ് ഡേൽ റിസോർട്ട് | പാർപ്പിടം | റിസോർട്ട് | 90 | 90 | 8100 | 720 | 7380 |
| ജോളി ജോസ് | 12/75 സ്പ്രിംഗ് ഡേൽ റിസോർട്ട് | പാർപ്പിടം | റിസോർട്ട് | 38 | 90 | 3420 | 304 | 3116 |
| ജോൺസൻ | 12/41പൈൻ ട്രീ റിസോർട്ട്ീ | അസംബ്ലി ഹാൾ | റിസോർട്ട് | 155 | 90 | 13950 | 6200 | 7750 |
| ജോൺസൻ | 12/412 പൈൻ ട്രീ റിസോർട്ട്ീ | അസംബ്ലി ഹാൾ | റിസോർട്ട് | 311 | 90 | 27990 | 12440 | 15550 |
| ജോൺസൻ | 12/413 പൈൻ ട്രീ റിസോർട്ട്ീ | പാർപ്പിടം | റിസോർട്ട് | 155.8 | 90 | 14022 | 1245 | 12777 |
| ആർ.ഗിരിജ | 12/325 | അസംബ്ലി ഹാൾ | ഹോംസ്റ്റേ | 126 | 60 | 7560 | 5040 | 2520 |
| അനീഷ് എം.എസ് | 12/402 | അസംബ്ലി ഹാൾ | ഹോംസ്റ്റേ | 282 | 60 | 16920 | 11280 | 5640 |
| എം.കനകമണി | 12/386 | അസംബ്ലി ഹാൾ | ഹോംസ്റ്റേ | 288 | 60 | 17280 | 11520 | 5760 |
| കെ.മുത്തുരാജ്കുമാർ | 12/132 | അസംബ്ലി ഹാൾ | ഹോംസ്റ്റേ | 79 | 60 | 4740 | 3160 | 1580 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ശിവകുമാർ | 12/542 | അസംബ്ലി ഹാൾ | ഹോംസ്റ്റേ | 42 | 60 | 2520 | 1680 | 840 |
| ആകെ | | | | | | | | ₹92513/- |

ലഭ്യമായ അപേക്ഷകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ വിഷയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീയതി 05.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി കൃത്യതയോടെ കണക്കാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ₹92513/- നഷ്ടമായി മാറിയിരിക്കുകയാണ്. ലൈബ്രറി സെസും കൂടി കണക്കാക്കി ഉടമസ്ഥരിൽ നിന്ന് അവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.19&13.06.19 | KSAD-IDK-3/520(8)/19 തീയതി13.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 3340000 | ലൈഫ് ഭവന പദ്ധതി ജനറൽ(154/19) | 2276000 | 1064000 |
| | 2018-19 | 1100210 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി(10/19) | 1100000 | 210 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1300000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി(10/19) | 1283641 | 16359 |
| | 2018-19 | 1750000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി എസ്.സി.പി(13/19) | 1750000 | 1750000 |
| | 2018-19 | 400000 | ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി TSP(15/19) | 0 | 400000 |
| | 2018-19 | 200000 | ശാരിരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (19/19) | 28400 | 171600 |

1. ലൈഫ് പാർപ്പിട സുരക്ഷ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹1100210/യിൽ ₹1100000/-യുടെ ചെലവുണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് സാംഖ്യ അക്കൗണ്ടിൽ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ₹1100210/-നീക്കിയിരുപ്പായി അവശേഷിക്കുന്നു.

2. SCP ഭവന പദ്ധതിക്കായി ലൈഫ് മിഷൻ സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ₹160000/-യുടെ ചെലവ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള എസ്.സി.പി ഭവന പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ്₹1590000/-യാണ്.

3. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹200000/-യിൽ ₹28400/-യുടെ ചെലവുണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിരിക്കുനന്നത് ലൈഫ് ഭവന പദ്ധതി ചെലവ് ഹെഡിലാണ്(320700104)

4. ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ₹1300000/-യിൽ ₹1283641/-യുടെ ചെലവാണുണ്ടായിട്ടുള്ളതെങ്കിലും സാംഖ്യ അക്കൗണ്ടിൽ ₹1300000/-യുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹6089441/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ(എം.എസ്)68/18 തീയതി 18.05.18<br>വായ്പ ₹394543590 | 6089441 | 0 | 0 | 0 | 6089441 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി-അപാകതകൾ | ലഭ്യമല്ല |
| ലഘു അവലോകനം | | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് സംവിധാനം | ലഭ്യമല്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

<u>(എ) സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹127372751 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹89461998 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹92513 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹5415472 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡികനം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്ന തുക ₹ | സർചാർജ്ജ് ചെയ്യാവുന്ന തുക | |

| | | | |
|---|---|---|---|
| 2-1 | 92513 | | ശ്രീ വി.എസ്. പാൽ സാമി, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1482700 | ശ്രീ വി.എസ് പാൽസാമി,സെക്രട്ടറി |
| 1-19 | 3754556 | ശ്രീ അജിത് എൽ.എസ്, അസി.സെക്രട്ടറി |
| 1-20 | 77046 | ശ്രീ ടി.യു ഏലിയാസ്,അസി.എഞ്ചിനിയർ |
| 1-26 | 47900 | ഡോ.ജിഷ്ണ വി.പി,മെഡിക്കൽ ഓഫിസർ ഹോമിയോ |
| 1-27 | 53270 | ശ്രീ വി.എസ്. പാൽ സാമി, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-18 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി.എസ് പാൽസാമി, സെക്രട്ടറി | സെക്രട്ടറി, ദേവികുളം ഗ്രാമപഞ്ചായത്ത് | ഗവൺമെന്റ് ക്വാർട്ടേഴ്സ്, പോലീസ് സ്റ്റേഷന് സമീപം, മൂന്നാർ പി.ഒ., 685612 |
| ശ്രീ. എൽ.എസ് അജിത്, അസി.സെക്രട്ടറി | അസി.സെക്രട്ടറി കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | ലക്ഷ്മണ വിലാസം കരംകോഡ് പി.ഒ ചാത്തന്നൂർ കൊല്ലം ജില്ല |
| ശ്രീ. ടി.യു ഏലിയാസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ദേവികുളംഗ്രാമപഞ്ചായത്ത് | തെക്കേടത്ത് (H),പടമുഖം പി.ഒ, ഇടുക്കി-685604 |
| ശ്രീ. വി.പി ജിഷ്ണ , മെഡിക്കൽ ഓഫിസർ ഹോമിയോ | ലഭ്യമല്ല | വടക്കേടത്തുമന, അണ്ണല്ലൂർ പി.ഒ, അഷ്ടമിച്ചിറ, തൃശ്ശൂർ-680731 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/08/11.8.08 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-9 2-10, 3-1 | 10 |
| 2006-2007 | എൽ എഫ് ഐ -9/515/08/ 11.8.08 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 | 10 |

| | | | |
|---|---|---|---|
| 2007-08 | എൽ എഫ് ഐ -9/199/10/03.03.12 | 2-1, 2-2, 2-3, 2-4, 2-5,2-6,<br>2-7, 2-8, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7,3-8, 3-9,<br>3-11 മുതൽ 3-20 വരെ | 27 |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | 2-1, 2-2, 2-3,<br>3-1 മുതൽ 3-10 വരെ | 13 |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | 2-1 മുതൽ 2-5 വരെ,<br>3-1 മുതൽ 3-14 വരെ | 19 |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | 2-3 മുതൽ 2-6 വരെ<br>3-1 മുതൽ 3-11 വരെ | 15 |
| 2011-12<br>&<br>2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | 2-1, 2-2, 2-4, 2-5, 2-6,<br>3-1 മുതൽ 3-13 വരെ<br>3-14(2) | 19 |
| 2013-14<br>&<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1262/15/<br>28.3.16 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-11 വരെ | 15 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/<br>1493/2016 തി.30.12.2016 | 2-1, 2-2<br>3-1 മുതൽ 3-7 വരെ | 9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/984/17/<br>തീ.19.07.17 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ | 10 |
| 2017-18 | കെ.എസ്.എ-<br>ഐ.ഡി.കെ-14/1407/18/ തീ.31.1.19 | 2-1 മുതൽ 2-6 വരെ 3-1,3-6 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ.13/939/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332
തീയതി.27.11.2020
ഇ-മെയിൽ : doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, എന്നിവ അനുസരിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നുവെന്ന് അഭിപ്രായപ്പെടുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

KSA-IDK-/13/939/2020

Kerala State Audit Department

District Audit Office, Idukki

Phone : 04862 227332

E-mail : doidk.ksad@kerala.gov.in

Date.27.11.2020

Certified that I have audited the Annual Financial Statement of DEVIKULAM Grama Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions and the provisions in GO(Rt)1413/2018/LSGD dated 22.05.2018.

In my opinion, the Financial Statements of DEVIKULAM Grama Panchayat for the 2018-19, except the observations in my Audit Report, properly presents accurate and complete information on the documents submitted to the audit.

DEPUTYDIRECTOR
IDUKKI